# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1110** **27-07-2021 - ൽ മറുപടിയ്ക്ക്**

## തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിന്റെ കെട്ടിടമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിന് പുതിയ കെട്ടിടമൊരുക്കിയിട്ടും പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (ബി) | തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിനായി നിർമ്മിച്ച പുതിയ കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ചില ന്യൂനതകൾ നിലനിൽക്കുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കോളേജ് അധികൃതർ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പ്രസ്തുത കോളേജ് പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് ആരാണെന്ന് വിശദമാക്കാമോ; | (സി) | ഐ.എച്ച്.ആർ.ഡി. കോളേജും പൊതു മരാമത്ത് വകുപ്പും ഗ്രാമപഞ്ചായത്തും ചേർന്നാണ് നടപടികൾ സ്വീകരിക്കേണ്ടത്. |
| (ഡി) | പുതിയ കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പി.ടി.എയുടെയും പഞ്ചായത്തിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും സഹകരണ ത്തോടെ കോളേജ് അധികൃതർ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ